പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2194 — 18.12.2012-ൽ മറുപടിയ്ക്ക്

## പരവൂരിൽ സബ് സ്റ്റേഷൻ അനുവദിക്കൽ.

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലയിലെ പരവൂരിൽ സ്ഥാപിക്കുന്ന 33 കെ. വി. സബ്സ്റ്റേഷന് വേണ്ടി എത്ര സെൻറ് ഭൂമിയാണ് വിനായകർ വീവേഴ്സ് സംഘത്തിൽ നിന്നു വിലയ്ക്ക് വാങ്ങിയിട്ടുള്ളത് ; | (എ) 1 (ഒന്ന്) ഏക്കർ ഭൂമി.. |
| (ബി) പ്രസ്തുത ഭൂമി വാങ്ങിയ ഇനത്തിൽ ആകെ എത്ര ലക്ഷം രൂപയാണ് സ്ഥാപനത്തിന് നൽകാനുള്ളത് ; | (ബി) ഭൂമിയുടെ ആകെ വില 60 ലക്ഷം രൂപയാണ്. ഇതിൽ 25 ലക്ഷം രൂപ അഡ്വാൻസ് ആയി നല്കിയിട്ടുണ്ട്. ബാക്കി തുക നല്കുവാൻ അനുമതി നല്കിയിട്ടുണ്ട്. |
| (സി) സംഘത്തിന് ബാക്കി തുക നൽകുന്നതിലേക്ക് ആവശ്യമായ രേഖകൾ ബോർഡിന് നൽകിയിട്ടുണ്ടോ ; എന്ന് ശേഷിക്കുന്ന തുക സംഘത്തിന് നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (സി) വസ്തുവിന്റെ നിലവിലുള്ള അസ്സൽ ആധാരം ഒഴികെയുള്ള രേഖകൾ ബോർഡിനു ലഭിച്ചിട്ടുണ്ട്. വിലയാധാരം രജിസ്റ്റർ ചെയ്ത് കൈമാറ്റം ചെയ്യുമ്പോൾ ബാക്കി തുകയായ 35 ലക്ഷം രൂപാ വസ്തുവിന്റെ ഉടമയ്ക്ക് നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.